**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **30/09/2011 ൽ മറുപടിക്ക്**

**ചോദ്യം നം : 1225**

**തൊഴിലില്ലായ്മ വേതന വിതരണത്തിലെ അപാകതകൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | **ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)** |
| (എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര പേരാണ് തൊഴിലില്ലായ്മാ വേതനം കൈപ്പറ്റുന്നത് എന്ന് വെളിപ്പെടുത്താമോ; | (എ) സംസ്ഥാനത്ത് 306056 പേരാണ് നിലവിൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നത്. |
| (ബി) തൊഴിലില്ലായ്മാ വേതനം വിതരണം ചെയ്യുന്നതിന് പ്രതിവർഷം എത്ര രൂപ ചെലവഴിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) ഗുണഭോക്താക്കുടെ എണ്ണത്തിനനുസരിച്ച് പ്രതിവർഷം ചെലവഴിക്കുന്ന തുക വ്യത്യാസപ്പെട്ടിരിക്കും. 2010-11 സാമ്പത്തിക വർഷം ഈയിനത്തിൽ 48,21,06,260/- രൂപ ചെലവഴിച്ചു. |
| (സി) തൊഴിലില്ലായ്മാ വേതനം ലഭിക്കുന്നതിന് അർഹരായ വരെ തെരഞ്ഞെടുക്കുന്ന തിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) തൊഴിൽരഹിത വേതനം ലഭിക്കുന്നതിന് അർഹരായവരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസ്സിന് ശേഷം തുടർച്ചയായി 3 വർഷം തൊഴിലൊന്നും ലഭിക്കാതെ രജിസ്ട്രേഷൻ നിലനിർത്തുന്നവർ.<br><br>ബി) വാർഷിക കുടുംബ വരുമാനം 12,000/- രൂപയിലും, അപേക്ഷകന് പ്രതിമാസം 100/- രൂപയിലും കൂടുതൽ വരുമാനം ഉണ്ടാകരുത്.<br><br>സി) അപേക്ഷകൻ എസ്.എസ്.എൽ.സി. യോ തത്തുല്യ പരീക്ഷയോ പാസ്സായിരിക്കണം. എസ്.സി/എസ്.റ്റി വിഭാഗക്കാർ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സാകണമെന്നില്ല. അവർ ടി പരീക്ഷയ്ക്ക് ഹാജരായാൽ മതിയാകും. വികലാംഗരായ വിദ്യാർത്ഥികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് 18 |

| | | | |
|---|---|---|---|
| | | | വയസ്സിനുശേഷം തുടർച്ചായായി 2 വർഷത്തെ സീനിയോരിറ്റിയും എസ്.സി/എസ്.റ്റി വിഭാഗക്കാരുടെ തത്തുല്ല്യമായ വിദ്യാഭ്യാസ യോഗ്യതയും മതിയാകും. ഗുണഭോക്താക്കളുടെ അർഹത നിശ്ചയിക്കുവാനുള്ള അവകാശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്ത മാണ്. |
| (ഡി) | നിലവിൽ തൊഴിലില്ലായ്മാ വേതനം പറ്റുന്നവരിൽ വലിയ ഒരു വിഭാഗം സ്വകാര്യ മേഖലയിൽ ഉയർന്ന വരുമാനം കൈപ്പറ്റുന്നവരും അനർഹരും ആണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; | (ഡി) | ചില കേസുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ടി കേസുകൾ അന്വേഷണം നടത്തുകയും അനർഹമായി കൈപ്പറ്റിയ തൊഴിൽ രഹിത വേതനം തിരികെ പിടിക്കുവാൻ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണാധികാരികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | എംപ്ലോയ്മെന്റ് എക്സ്ചേ ഞ്ചുകളുടെ പ്രവർത്തനവും തൊഴിലില്ലായ്മാ വേതന വിതരണവും കാലോചി തമായി പരിഷ്കരിക്കാനും അനർഹരെ ഒഴിവാക്കാനും നടപടി സ്വീകരിക്കുമോ? | (ഇ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കമ്പ്യൂട്ടർവൽക്കരണമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. തൊഴിൽ രഹിത വേതനം പദ്ധതി കാലോചിതമായി പരിഷ്കരിക്കുന്നതിനു നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ